# GOVERNMENT OF KERALA

## Abstract

Electronics & Information Technology Department - Surrender of an extent of 9.75 acres of Technopark land to Revenue Department for transferring the land to Social Justice Department for giving it to National Institute of Speech and Hearing (NISH) - Orders issued.

---

**ELECTRONICS & INFORMATION TECHNOLOGY (A) DEPARTMENT**

G.O.(Ms)No.3/2023/ITD Dated,Thiruvananthapuram, 27-01-2023

---

Read:- 1. G.O.(Ms)No.387/2000/RD dated 22.12.2000.

2. G.O.(Ms)No.73/2001/ID dated 28.03.2001.
3. G.O.(Ms)No.23/2002/ITD dated 29.11.2002.
4. G.O.(Ms)No.28/2010/ITD dated 20.08.2010.
5. Letter No. NISH/Technopark/2016 dated 22.04.2016 from the Executive Director, National Institute of Speech and Hearing.
6. Letter No. ETPK/LA/2021-22/153 dated 14.02.2022 from the Chief Executive Officer, Technopark.

## ORDER

Technopark had acquired an extent of 56 acres of land at Cheruvakkal, Attipra, Kazhakuttam – Menamkulam Villages for creating a Support Facilities Complex for the main campus in Thiruvananthapuram. As per Government Order read as 2nd paper above, out of this 56 acres, an extent of 15 acres of land was leased out to National Institute of Speech and Hearing (NISH), for 99 years, @ 10% of the market value for non commercial purposes. As per the Government Orders read as 3rd and 4th papers above, the land allotted to NISH was limited to an extent of 9.75 acres in Survey Nos 567/1, 567/3, 568/1, 568/2 of Attipra village with the same terms and conditions and that the lease rent from 10.07.2003 to 31.03.2004 will be retained as 10% of the market value of the land leased to NISH and from 01.04.2004 it is re-

fixed to 2% of the market value.

2. National Institute of Speech and Hearing (NISH) is set up with the primary objective of taking up activities necessary for the welfare and rehabilitation of the hearing impaired and the institute has been conducting Early Intervention Programs, as well as University level Degree programs for the deaf and hard of hearing population, affiliated to the University of Kerala. NISH has submitted to Government that being a Service organization with limited grant from Government, they are not in a position to pay yearly rent and the payment of rent will affect the social service projects of NISH. NISH also requested the Government to transfer Technopark land where it is now functioning, free of cost to them, as it is imperative that the land be in the name of NISH for upgrading to University.

3. The Chief Executive Officer, Technopark has reported that for the development and settlement of LAR cases for the said land an amount of Rs. 1,86,82,720/- has been incurred and that the entire cost involved in the land leased out to NISH at Akkulam, Thiruvananthapuram, has been met from the Government grant and no internal fund of Technopark has been utilized for the development of the said land.

4. Government have examined the matter in detail and are pleased to order that an extent of 9.75 acres of Technopark land in Survey Nos 567/1, 567/3, 568/1, 568/2 of Attipra village, Thiruvananthapuram, acquired for Technopark by invoking provisions contained in Old Land Acquisition Act, 1894, where NISH is now functioning on lease, is surrendered to Revenue Department for transferring the land to Social Justice Department for giving it to National Institute of Speech and Hearing (NISH) by writing off the dues of Rs.1,86,82,720/- (Rupees One Crore Eighty Six Lakh Eighty two Thousand Seven Hundred and Twenty Only) payable by NISH to Technopark.

5. Revenue/ Social Justice Departments is entrusted to transfer/ assign the land to NISH.

(By order of the Governor)
DR RATHAN U KELKAR I A S
SECRETARY

To:

The Chief Executive Officer, Technopark.

The Executive Director, National Institute of Speech and Hearing, Akkulam, Thiruvananthapuram, Kerala 695 017.

The Accountant General (A&E/Audit), Kerala, Thiruvananthapuram

Revenue Department (Vide REV-B3/374/2022-REV dated 18.11.2022)

Social Justice Department

Finance Department

General Administration (SC) Department

(Vide Item No...... dated 25.01.2023)

I & PRD, Web & New Media (for uploading in the Govt. website)

Stock File/ Office Copy.

Forwarded /By order

Signed by
Mathew John
Date: 28-01-2023 11:31:41
Section Officer

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-01-2023

ഫയൽ നം. ഐ.ടി.-എ2/4/2020/ഇ&ഐടിഡി. ഇനം നം: 1336

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന് (നിഷ്) നൽകുന്നതിനായി ടെക്നോ പാർക്കിന്റെ 9.75 ഏക്കർ ഭൂമി സാമൂഹികനീതി വകുപ്പിന് കൈമാറുന്നതിനായി റവന്യൂ വകുപ്പിന് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

ASU(T) 25/1/23

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.ഐ.ടി.-എ 2/4/2020/ഇ&ഐടിഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി – നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന് (നിഷ്) നൽകുന്നതിനായി ടെക്നോപാർക്കിന്റെ 9.75 ഏക്കർ ഭൂമി സാമൂഹികനീതി വകുപ്പിന് കൈമാറുന്നതിനായി റവന്യൂ വകുപ്പിന് തിരികെ നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/08/2022 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഉണ്ട് |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. രത്തൻ യു കേൽകർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/01/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/01/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | : | 23/01/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24/01/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) ടെക്നോപാർക്കിന് നൽകേണ്ട കുടിശ്ശിക എഴുതിത്തള്ളിക്കൊണ്ട് ടെക്നോപാർക്കിന്റെ 9.75 ഏക്കർ ഭൂമി നിഷിന് നൽകുന്നതിന് സാമൂഹികനീതി വകുപ്പിന് കൈമാറുന്നതിനായി റവന്യൂ വകുപ്പിന് തിരികെ നൽകുന്നത് സംബന്ധിച്ച് മന്ത്രിസഭയുടെ അനുമതി തേടുന്നതിനായാണ് ഈ കുറിപ്പ് സമർപ്പിക്കുന്നത്.

2. തിരുവനന്തപുരത്തെ പ്രധാന കാമ്പസിനായി ഒരു അനുബന്ധ സൗകര്യ സമുച്ചയം സൃഷ്ടിക്കുന്നതിന് ചെറുവയ്ക്കൽ, ആറ്റിപ്ര, കഴക്കൂട്ടം-മേനംകുളം വില്ലേജുകളിലുൾപ്പെട്ട 56 ഏക്കർ ഭൂമി ടെക്നോപാർക്ക് ഏറ്റെടുത്തിരുന്നു. 28/03/2001 തീയതിയിലെ സ.ഉ.(കൈ)നം.73/2001/ഐഡി പ്രകാരം പ്രസ്തുത 56 ഏക്കർ ഭൂമിയിൽ നിന്നും തിരുവനന്തപുരം ആറ്റിപ്ര വില്ലേജിലുള്ള 567/1, 567/3, 568/1, 568/2 എന്നീ സർവ്വേനമ്പരുകളിലുൾപ്പെട്ട ടെക്നോപാർക്കിന്റെ 15 ഏക്കർ ഭൂമി കോടതി വ്യവഹാരങ്ങൾ മൂലം നഷ്ടപരിഹാരത്തിനായി ഉണ്ടായേക്കാവുന്ന ചെലവുകൾ നിഷ് വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ വാണിജ്യേതര ആവശ്യങ്ങൾക്കായി വിപണിമൂല്യത്തിന്റെ 10% എന്ന നിരക്കിൽ 99 വർഷത്തെ പാട്ടത്തിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന് (നിഷ്) നൽകുകയുണ്ടായി. തുടർന്ന്, 29.11.2002 തീയതിയിലെ സ.ഉ.

(കൈ)നം.23/2002/ഐടിഡി പ്രകാരം, 28.03.2001 തീയതിയിലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിഷിന് അനുവദിച്ച ഭൂമിയുടെ വ്യാപ്തി 9.75 ഏക്കറായി പരിമിതപ്പെടുത്തുകയുണ്ടായി. 20.08.2010 തീയതിയിലെ സ.ഉ.(കൈ)നം.28/2010/ഐടിഡി പ്രകാരം 10.07.2003 മുതൽ 31.03.2004 വരെയുള്ള പാട്ട വാടക നിഷിന് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിപണി മൂല്യത്തിന്റെ 10% ആയി നിലനിർത്തുകയും 01.04.2004 മുതൽ വിപണി മൂല്യത്തിന്റെ 2% ആയി പുനർനിശ്ചയിക്കുകയും ചെയ്തു.

3. ശ്രവണ പരിമിതിയുള്ളവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) സ്ഥാപിതമായത്. കേരള സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തുകൊണ്ട്, ഏർലി ഇന്റർവെൻഷൻ പ്രോഗ്രാമുകളും ബധിരരും കേൾവിക്കുറവുള്ളവർക്കും വേണ്ടിയുള്ള ഡിഗ്രി പ്രോഗ്രാമുകളും യൂണിവേഴ്സിറ്റി തലത്തിൽ നിഷ് നടത്തിവരുന്നു. സർക്കാരിൽ നിന്ന് പരിമിതമായ ഗ്രാന്റുള്ള ഒരു സേവന സ്ഥാപനമായതിനാൽ വർഷംതോറും വാടക കൊടുക്കാൻ പറ്റാത്ത അവസ്ഥയാണുള്ളതെന്നും വാടക നൽകുന്നത് നിഷിന്റെ സാമൂഹ്യസേവന പദ്ധതികളെ ബാധിക്കുമെന്നും കൂടാതെ യൂണിവേഴ്സിറ്റിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് നിഷിന്റെ പേരിൽ ഭൂമി ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണെന്നും നിഷ് അറിയിക്കുകയുണ്ടായി. ആയതിനാൽ നിഷ്

പ്രവർത്തിക്കുന്ന ടെക്നോപാർക്കിന്റെ ഭൂമി അവർക്ക് സൗജന്യമായി കൈമാറണമെന്ന് നിഷ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4. ഭൂമിയുടെ വികസനത്തിനും എൽഎആർ കേസുകൾ തീർപ്പാക്കുന്നതിനുമായി ടെക്നോപാർക്കിന് താഴെ പറയുന്ന തുക ചെലവായതായി റിപ്പോർട്ട് ചെയ്തിരുന്നു.

| | |
|---|---|
| ഭൂമി ഏറ്റെടുക്കൽ ചെലവ് | : Rs.99,96,879/- |
| എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ | : Rs.10,43,153/- |
| കോമ്പൗണ്ട് ഭിത്തി | : Rs.9,56,223/- |
| 23.10.2019 വരെയുള്ള വാടക | : Rs.54,85,369/- |
| LAR ചെലവ് | : Rs.12,01,096/- |
| ആകെ ലഭിക്കേണ്ട തുക | : Rs.1,86,82,720/- |

5. തിരുവനന്തപുരം ആക്കുളത്ത് നിഷിന് പാട്ടത്തിന് നൽകിയ ഭൂമിയുടെ മുഴുവൻ ചെലവും സർക്കാർ ഗ്രാന്റിൽ നിന്ന് കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത ഭൂമിയുടെ വികസനത്തിനായി ടെക്നോപാർക്കിന്റെ സ്വന്തം ഫണ്ടൊന്നും ഉപയോഗിച്ചിട്ടില്ലാത്തതുമാണ്.

6. ധനകാര്യവകുപ്പുമായി കൂടിയാലോചിക്കുകയും ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി താഴെ പറയും വിധം ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

*'We have no objection to the land being assigned to NISH and Technopark's dues written off in view of NISH's social objectives, but no additional budgetary allocation to Technopark in lieu of this amount can*

*be considered.'*

7. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് താഴെപ്പറയും വിധം അഭിപ്രായപ്പെട്ടു.

*"Administrative Department has sought specific remarks on the draft Cabinet Note for surrendering an extent of 9.75 Acres of Technopark land to Revenue Dept for transferring the same to Social Justice Dept for giving it to National Institute of Speech & Hearing (NISH) by writing off the dues payable by NISH to Technopark. Here remarks has been sought especially in the matter that the land acquired for a specific purpose ie for the development of main campus for Technopark may be transferred to NISH.*

*In this connection it is pointed out that acquisition of 56 acres of land in Cheruvakkal, Attipra, Kazhakootam & Menamkulam Villages of Tvpm for the development of main campus for Technopark has been done by invoking the provisions contained in Old LA Act, 1894.*

*Section 99 of the LARR Act, 2013 which has been made applicable as on 01.01.2014, does not permit deviation from the purpose or related purposes for which the land was originally acquired. Provided that, if the land acquired is rendered unusable for the purpose for which it was acquired due to a fundamental change because of any unforeseen circumstances, then the appropriate Government may use such land for any other public purpose.*

*The old LA Act, 1894 does not mention that land acquired for a specific purpose may be utilized for other purposes. Based on the various litigations pending, the Govt. have framed general guidelines as per G.O(Ms) No 387/00/RD dated 22.12.2000.*

*As per G.O.(Ms)No. 387/00/RD dated 22.12.00, specific guidelines have been framed for disposal of land acquired under the Land Acquisition Act and unutilized for the purpose for which it was acquired by the Govt. The guidelines specify that when any land acquired for a public purpose is not required for that purpose or for any other purpose of the department for which land was acquired, the Department concerned should bring this to the notice of the District Collector concerned and hand over possession of the land to the Revenue Department immediately. Until such handing over of possession, it shall be the responsibility of the acquiring department to keep the land free from any encroachment. Immediately on receipt of such intimation, the District Collector shall ascertain from all Govt. Departments and the Local Bodies concerned whether they require the land for their use and get fully satisfied about the genuineness of the claims made. If the land is needed by any of the Govt. Departments, Local Bodies or Public Sector undertakings, the District Collector should take further action for the transfer/assignment of the land in accordance with the standing*

*instructions relating to transfer of land between Government Departments or between Government Department and Local Bodies or assignment of land to Public Sector Undertaking as the case may be. In the case of more than one claimant for the land, it shall be referred to the Government for their decision. If the land could not be disposed of as mentioned above, it shall be disposed of through public auction, following the procedure prescribed in the Kerala Revenue Recovery Act for the auction of attached immovable properties, except the procedure prescribed under Section 50 of said Act for bidding on behalf of Government. Auction should be conducted only after fixing the upset price of the land, which should not be below the market value of the land prevailing at the time of auction or the amount spent by Government for the acquisition of the land whichever is higher.*

*Hence, as per the standing instructions issued as per G.O. (Ms)No.387/00/RD dated 22.12.2000, the land acquired for a specific purpose ie for the development of main campus for Technopark by invoking the provisions contained in Old LA Act, 1894 may be transferred to NISH."*

8. ഈ വിഷയത്തിൽ ലാന്റ് അക്വിസിഷൻ ആക്ടിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് ആവശ്യമാണെന്ന് റവന്യൂ വകുപ്പ് പരാമർശിച്ചിട്ടില്ല. എന്നാൽ 22.12.2000-ലെ സ.ഉ.(കൈ)387/00/ആർ.ഡി. ലെ വ്യവസ്ഥ (1) പ്രകാരം ഒരു

പൊതു ആവശ്യത്തിനായി ഏറ്റെടുത്ത ഏതെങ്കിലും ഭൂമി ആ ആവശ്യത്തിനോ അല്ലെങ്കിൽ ഭൂമി ഏറ്റെടുത്ത വകുപ്പിന്റെ മറ്റേതെങ്കിലും ആവശ്യത്തിനോ ആവശ്യമില്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പ് ഈ വസ്തുത ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഭൂമിയുടെ കൈവശാവകാശം റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്യേണ്ടതാണ്. അതിനാൽ ഈ വകുപ്പിന് ഭൂമി നേരിട്ട് നിഷിന് കൈമാറാൻ കഴിയില്ല. ആയതിനാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) പാട്ടവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ആറ്റിപ്ര വില്ലേജിലെ 567/1, 567/3, 568/1, 568/2 എന്നീ സർവ്വേ നമ്പരുകളിലുൾപ്പെട്ട ടെക്നോപാർക്കിന്റെ 9.75 ഏക്കർ ഭൂമി ടെക്നോപാർക്കിന് നൽകേണ്ട കുടിശ്ശിക തുകയായ 1,86,82,720/- രൂപ (ഒരു കോടി എൺപത്തിയാറു ലക്ഷത്തി എൺപത്തി രണ്ടായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ മാത്രം) എഴുതിത്തള്ളിക്കൊണ്ട് നിഷിന് നൽകുന്നതിന് സാമൂഹികനീതി വകുപ്പിന് കൈമാറുന്നതിനായി റവന്യൂ വകുപ്പിന് തിരികെ നൽകാവുന്നതാണ്. ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും വിഷയം മന്ത്രി സഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

(1) 1894-ലെ പഴയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ടെക്നോപാർക്കിന് വേണ്ടി ഏറ്റെടുത്തതും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) പാട്ടവ്യവസ്ഥയിൽ പ്രവർത്തിക്കുന്നതുമായ തിരുവനന്തപുരം ആറ്റിപ്ര

വില്ലേജിലെ 567/1, 567/3, 568/1, 568/2 എന്നീ സർവ്വേ നമ്പരുകളിലുൾപ്പെട്ട ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള 9.75 ഏക്കർ ഭൂമി ടെക്നോപാർക്കിന് നിഷ് നൽകേണ്ട കുടിശ്ശിക തുകയായ 1,86,82,720/- രൂപ (ഒരു കോടി എൺപത്തിയാറു ലക്ഷത്തി എൺപത്തി രണ്ടായിരത്തി എഴുനൂറ്റി ഇരുപത് രൂപ മാത്രം) എഴുതിത്തള്ളിക്കൊണ്ട് നിഷിന് നൽകുന്നതിന് സാമൂഹികനീതി വകുപ്പിന് കൈമാറുന്നതിനായി റവന്യു വകുപ്പിന് തിരികെ നൽകാമോ.

(2) പ്രസ്തുത ഭൂമി നിഷിന് കൈമാറുവാൻ റവന്യൂ/ സാമൂഹികനീതി വകുപ്പുകളെ ചുമതലപ്പെടുത്താമോ?